ക്ലാസ്സ് 4

മതബോധനകേന്ദ്രം
മാനന്തവാടി രൂപത
Second Semester Examination 2024-25

ആകെ മാർക്ക് : 80
പാർട്ട് 1 : 60
പാർട്ട് 2 : 20
സമയം : 2 മണിക്കൂർ

പേര്, വീട്ടുപേര് :

പാർട്ട് 1

ശരിയായ ഉത്തരം എടുത്തെഴുതുക. 5×1=5

1. തിരുപ്പട്ട കൂദാശയിലെ പ്രധാന ഭാഗം.
   (സുവിശേഷ പ്രഘോഷണം, അജപാലനം, കൈവയ്പ്പു ശുശ്രൂഷ)

2. കൂദാശകൾ കഴിഞ്ഞാൽ ക്രിസ്തുശിഷ്യരുടെ ജീവിതത്തെ ധന്യമാക്കാൻ സഹായിക്കുന്നത്?
   (ദിവ്യബലി, കൂദാശാനുകരണങ്ങൾ, മാമ്മോദീസ)

3. സ്നേഹനിധിയായ ദൈവത്തിന് നമ്മുടെ മേലുള്ള പരമാധികാരം ഏറ്റുപറയുന്ന പ്രാർത്ഥന?
   (സ്തുതിപ്പ്, യാചന, ആരാധന)

4. അനുരഞ്ജന കൂദാശയിൽ ഏറ്റവും പ്രധാനപ്പെട്ടത്?
   (പാപമോചനം, പാപങ്ങളെക്കുറിച്ചുള്ള പശ്ചാത്താപം, ആത്മശോധന)

5. വിവാഹമെന്ന കൂദാശയുടെ പരികർമ്മത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം?
   (വധൂവരന്മാരുടെ പരസ്പര സമ്മതം സ്വീകരിച്ചു നൽകുന്ന ആശീർവാദം,
   താലികെട്ടൽ, വധൂവരന്മാരുടെ പ്രതിജ്ഞയെടുക്കൽ)

പൂരിപ്പിക്കുക. 5×1=5

6. പാപമോചനവും രോഗസൗഖ്യവും നൽകി നമ്മുടെ ആത്മശരീരങ്ങൾക്ക് ആരോഗ്യം നൽകുന്ന കൂദാശയാണ് .....

7. സ്നേഹംതന്നെയായ ദൈവത്തെ പാപം വഴി വേദനിപ്പിച്ചതിൽ നമുക്കുണ്ടാകുന്ന ആത്മാർഥമായ ദുഃഖവും പാപത്തോടുള്ള വെറുപ്പുമാണ് .....

8. "കുട്ടികളെ, കർത്താവിൽ നിങ്ങൾ മാതാപിതാക്കളെ അനുസരിക്കുവിൻ, അത് ന്യായയുക്തമാണ്."
   ഈ വചനം ..... ലേഖനഭാഗത്ത് നിന്നുമാണ്.

9. ഈശോയുടെ രക്ഷാകരദൗത്യം തുടരുവാൻ അവിടുന്ന് സഭക്ക് നൽകിയ അനുഗ്രഹമാണ് ..... കൂദാശ.

10. പൂർണമായ അറിവോടും സമ്മതത്തോടും കൂടി ഗൗരവമുള്ള രീതിയിൽ ദൈവപ്രമാണം ലംഘിച്ചാൽ അത് .....ആണ്.

അനുയോജ്യമായവ തമ്മിൽ വരയിട്ട് യോജിപ്പിക്കുക. 5×1=5

11.	മുൻപിൽ വയ്ക്കപ്പെട്ടവൻ	ഈശോ
12.	മൂറോൻ കൂദാശ	ദൈവവുമായുള്ള സ്നേഹ സംഭാഷണം
13.	രോഗീലേപനം	സൈത്ത് വെഞ്ചരിപ്പ്
14.	നിത്യപുരോഹിതൻ	പുരോഹിതൻ
15.	പ്രാർത്ഥന	ആത്മശരീരങ്ങൾക്ക് ആരോഗ്യം

ദൈവവചനങ്ങൾ പൂർത്തിയാക്കുക. 2×2=4

16. “.....ഒരു പാപിയെക്കുറിച്ച് സ്വർഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും.”

17. “.....നിങ്ങൾ കച്ചവട സ്ഥലമാക്കരുത്.”

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 8×2=16

18. പാപം മോചിക്കുന്നതിനുള്ള അധികാരം നൽകിക്കൊണ്ട് ഈശോ അപ്പസ്തോലന്മാരോട് പറഞ്ഞതെന്ത്?

19. അനുരഞ്ജന കൂദാശ എന്നാൽ എന്ത്?

20. ആരാണ് പുരോഹിതൻ?

21. തളർവാതരോഗിക്ക് സൗഖ്യം നൽകിക്കൊണ്ട് ഈശോ പറഞ്ഞതെന്ത്?

22. ലഘുപാപങ്ങൾക്ക് മോചനം ലഭിക്കുന്നത് എങ്ങനെ?

23. അനുരഞ്ജന കൂദാശയുടെ ഫലങ്ങൾ ഏവ?

24. ഒരു മാതൃക കുടുംബത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം ?

25. സമൂഹപ്രാർത്ഥനയും വ്യക്തിപരമായ പ്രാർത്ഥനയും തമ്മിലുള്ള വ്യത്യാസം എഴുതുക ?

.....

.....

.....

ഉചിതമായ ഉത്തരങ്ങൾ എഴുതി കോളം പൂർത്തിയാക്കുക **5×3=15**

26. പുരോഹിത ധർമങ്ങൾ



27. രോഗികളോടുള്ള ക്രൈസ്തവ ദൗത്യങ്ങൾ



28. വിവാഹമെന്ന കൂദാശയിലെ ഇതരകർമ്മങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതുക.



29. പാപപരിഹാരം പൂർണമാകാൻ വൈദികൻ നൽകുന്ന പ്രായശ്ചിത്തത്തിന് പുറമെ നാം എന്തെല്ലാം ചെയ്യണം?



30. എന്താണ് പാപം? പാപത്തെ എങ്ങനെ തരംതിരിച്ചിരിക്കുന്നു ?



5×1=5

31. **ഏതെങ്കിലും 5 എണ്ണം വീതം എഴുതുക.**

കൂദാശകൾ	കൂദാശാനുകരണങ്ങൾ

5×1=5

32. പ്രാർത്ഥനയുടെ ഘടകങ്ങൾ എഴുതി നക്ഷത്രം പൂർണമാക്കുക.



പാർട്ട് 2

വിശുദ്ധരുടെ പേരുകൾ എടുത്തെഴുതുക. 3×1=

1. ദിവ്യകാരുണ്യ നാഥന്റെ തിരുശരീരം ശത്രുക്കളാൽ പിച്ചിച്ചീന്താതിരിക്കുവാൻ സ്വന്തം ശരീരം ബലിയായ അർപ്പിച്ച രക്തസാക്ഷി?

2. "നിങ്ങളാൽ കഴിവുള്ളത് മുഴുവൻ ചെയ്യുക. ബാക്കിയുള്ളത് ദൈവവും ദൈവമാതാവും കൂടി ചെയ്തുകൊള്ളും." പറഞ്ഞതാര്?

3. "കരുണാർദ്രസ്നേഹത്തിന്റെ ആൾരൂപം" എന്ന് അറിയപ്പെടുന്ന വിശുദ്ധ ആര്?

4. ദൈവത്തിന്റെ ലക്ഷണങ്ങൾ എഴുതി കോളങ്ങൾ പൂർത്തിയാക്കുക. **3×1=3**

1) തന്നാൽ താനായിരിക്കുന്നു

2)

3) അശരീരിയായിരിക്കുന്നു

4)

5) എങ്ങും വ്യാപിച്ചിരിക്കുന്നു

6)

ഉത്തരമെഴുതുക. **5×1=5**

5. കൂദാശകളുടെ ഉറവിടം എന്ന് വിളിക്കപ്പെടുന്ന കൂദാശ ഏത് ?

6. വിശുദ്ധ കുർബ്ബാനയുടെ സ്ഥാപനദിനം?

7. രഹസ്യകുമ്പസാരം ഏത് നൂറ്റാണ്ട് മുതലാണ് സാർവത്രികമായി അംഗീകരിച്ചത്?

8. വി.കുർബ്ബാനയെക്കുറിച്ചു ഏറ്റവും പഴക്കമുള്ള വി. ഗ്രന്ഥ ഭാഗമേത്?

9. അന്ത്യ കൂദാശ എന്ന പേര് മാറ്റി രോഗീലേപനം എന്ന് വിളിക്കാൻ തുടങ്ങിയ സൂനഹദോസ് ഏത്?

10. നമ്മുടെ രൂപതയുടെ ഇപ്പോഴത്തെ മെത്രാന്മാരുടെ പേരുകൾ എഴുതുക. **2×1=2**

11. പ്രധാന പുണ്യപ്രവൃത്തികൾ എഴുതുക. **2×1=2**



12. സുവിശേഷ ഭാഗ്യങ്ങൾ എഴുതി പൂർണമാക്കുക. 4x1=4

1) ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ;

2) എളിമയുള്ളവർ ഭാഗ്യവാന്മാർ;

3) ദുഃഖിതർ ഭാഗ്യവാന്മാർ;

4) ഹൃദയ വിശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ;

13. നിങ്ങൾ പഠിച്ച ഒരു സുകൃതജപം എഴുതുക. 1x1=1